മുഹമ്മദുൽ ഗസാലി

# കോപവും പ്രതികാര ചിന്തയും

**ഞാൻ** മഹാൻ, സ്വാധീനമുള്ളവൻ, കുറ്റങ്ങളിൽനിന്നും കുറവുകളിൽനിന്നും സുരക്ഷിതൻ, പ്രതിയോഗികൾ എത്ര നിസ്സാരർ, അവർക്കൊക്കെ എന്നിൽനിന്ന് വല്ലതും നേടിയെടുക്കാൻ പറ്റുമോ എന്നിങ്ങനെയാണ് ഒരാളുടെ തോന്നലുകളെങ്കിൽ ചെറുതായൊന്ന് പ്രകോപിപ്പിച്ചാൽ മതി അയാൾ കോപത്താൽ ഉറഞ്ഞുതുള്ളും. മനുഷ്യന്റെ സ്വഭാവം പെട്ടെന്ന് മാറിക്കൊണ്ടിരിക്കും. ചിലപ്പോൾ കോപം അതിന്റെ മൂർധന്യത്തിലായിരിക്കും. കീഴടക്കിയ രാജ്യങ്ങളിൽ ശത്രു കാണിക്കുന്ന പരാക്രമം പോലെ ചിലപ്പോഴതിന് ലക്കും ലഗാനുമുണ്ടാവില്ല. എന്നാൽ എന്തുമാത്രം പ്രകോപിപ്പിച്ചാലും ആർക്കും തന്നെ ഇളക്കിവിടാനോ, തനിക്ക് വല്ല പോറലേൽപിക്കാനോ സാധ്യമല്ലെന്ന് ഒരാൾ ദൃഢമായി വിശ്വസിച്ചാൽ അതവനെ ആക്ഷേപങ്ങളെയും പ്രകോപനങ്ങളെയും പുഞ്ചിരിയോടെ, ലാഘവത്തോടെ അഭിമുഖീകരിക്കാൻ പ്രാപ്തനാക്കുന്നു.

ഡേൽകാർനേഗ് പറഞ്ഞു: 'ഒരു രാത്രി വൃക്ഷങ്ങൾ തിങ്ങിനിറഞ്ഞ കാട്ടിൽ ഞങ്ങളൊരു കൂടാരം നിർമിച്ചു. പെട്ടെന്ന് കറുത്തൊരു കരടി ഞങ്ങളുടെ ദൃഷ്ടിയിൽപെട്ടു. കൂടാരത്തിനുള്ളിൽ ജ്വലിച്ചുകൊണ്ടിരിക്കുന്ന വെളിച്ചത്തിനു നേരെ അതു പതുക്കെ നടന്നുവന്നു. കാടിന്റെ തുറസ്സുകളിൽ പ്രവർത്തിക്കുന്ന ഹോട്ടലുകളിലെ ജീവനക്കാർ അവിടെ കൊണ്ടിട്ട ഭക്ഷ്യ അവശിഷ്ടങ്ങൾ അകത്താക്കി അത് തിരിച്ചുപോവുകയും ചെയ്തു. ആ സമയത്ത് കാട്ടിൽ ചുറ്റിക്കറങ്ങുന്ന സാഹസികനായ മേജർ മാൻഡ്രിൽ അവിടെ കുതിരപ്പുറത്ത് സവാരി നടത്തുന്നുണ്ടായിരുന്നു. അയാൾ കരടികളെക്കുറിച്ച് അതിശയമുളവാക്കുന്ന ഒരു കഥ പറഞ്ഞുതന്നു. 'ഒരു പക്ഷേ, കാള ഒഴികെ ലോകത്തെ എല്ലാ ജീവികളെയും കീഴടക്കാൻ കഴിവുള്ള മൃഗമാണ് കരടി. എന്നാൽ ഈ രാത്രി ദുർബലനും നിസ്സാരനുമായ ഒരു ജീവിയാണ് കരടിയെ അതിന്റെ മാളത്തിൽനിന്നു പുറത്തേക്ക് തുരത്തി ഓടിച്ചത്. കരടിയുമൊത്ത് ആ ജീവി ഒരുമിച്ച് ഭക്ഷിക്കുകയും ചെയ്തിരിക്കുന്നു. 'കീരി' എന്നാണ് അതിന്റെ പേര്. നിസ്സാരനായ ആ ജീവിയെ ഉന്മൂലനം ചെയ്യാൻ തന്റെ ബലമുള്ള കൈപത്തി കൊണ്ട് ഒരടി മതിയാകുമെന്ന് കരടിക്ക് നന്നായറിയാം. എന്നാൽ കരടി അങ്ങനെ ചെയ്തില്ല. അതുപോലെയുള്ള നിസ്സാര ജീവികളെ ഉപദ്രവിച്ച് ശത്രുത ഇളക്കിവിടുന്നത് തനിക്ക് തന്നെ ഉപദ്രവമാകുമെന്ന് അനുഭവത്തിലൂടെ കരടി മനസ്സിലാക്കിയിരിക്കുന്നു. തന്റെ തലയെടുപ്പിന് ഏറ്റവും യോജിച്ചതു അവയെ കണ്ടില്ലെന്ന് നടിക്കലാണ്. എത്രകാലമായി മനുഷ്യനും അതുപോലെയുള്ള നിസ്സാര ജന്തുക്കൾ ഭീഷണിയായികൊണ്ടിരിക്കുന്നു. അതിനാൽ അത്തരം നിസ്സാര ജീവികളുടെ ശത്രുത ഇളക്കിവിടുന്നതിൽ ആർക്കും യാതൊരുവിധ ഉപകാരവുമില്ലെന്ന് അനുഭവങ്ങൾ എന്നെ പഠിപ്പിച്ചിരിക്കുന്നു.'

*മുസ്‌ലിം സ്വഭാവം* എന്ന കൃതിയിൽ ഞാൻ എഴുതിയിട്ടുണ്ട്. 'മനുഷ്യനിലെ ക്രോധം, സൗമ്യത, ധൃതി, അവധാനത, കളങ്കം, നിഷ്കളങ്കത ഇവയെല്ലാം നിർണയിക്കുന്നതിൽ അവന്റെ മനസ്സിന് വലിയ പങ്കുണ്ട്. ഒരാൾക്ക് ആത്മവിശ്വാസമുണ്ടെങ്കിൽ അയാൾ മറ്റുള്ളവരോട് ക്ഷമിക്കുന്നവനും വിട്ടുവീഴ്ച ചെയ്യുന്നവനുമാണ് എന്നാണതിന്റെ അർഥം. അത്രമാത്രം ബന്ധമുണ്ട് അവ തമ്മിൽ. മാന്യനായ ഒരാൾ ഉദാത്ത സ്വഭാവങ്ങളുടെ ചക്രവാളത്തിൽ വട്ടമിട്ട് പറക്കുമ്പോൾ ഹൃദയവിശാലനാകുന്നു, സഹനശീലനാകുന്നു, ജനങ്ങൾക്ക് മാപ്പു നൽകുന്നവനാകുന്നു. അവരുടെ തെറ്റുകൾ അയാൾ ക്ഷമിക്കും. അപരിചിതനായ ഒരാൾ ഉപദ്രവിക്കാൻ മുതിർന്നാൽ, പാതവക്കിൽ കളിച്ചുകൊണ്ടിരിക്കുന്ന കുട്ടികളെ ഒരു തത്വജ്ഞാനി നോക്കുന്നതുപോലെ, വളരെ ഉയരത്തിൽനിന്നു അയാളെ നോക്കും. ഒരുപക്ഷേ, ആ കുട്ടികൾ അദ്ദേഹത്തെ കല്ലെറിഞ്ഞിരിക്കാം.'

ആക്ഷേപിക്കപ്പെടുമ്പോൾ കോപം അതിന്റെ എല്ലാ സീമകളും ലംഘിച്ച് ഭ്രാന്തായി മാറുന്നത് കാണാറുണ്ട്. അപ്പോൾ നിന്ദിക്കപ്പെട്ടതായി അവർക്കു തോന്നുന്നു. രക്തം ചിന്തലല്ലാതെ മറ്റൊരു ചികിത്സ അതിനില്ലെന്നു അവർ ഉറച്ചു വിശ്വസിക്കുന്നു. എന്നാൽ ഉദാത്ത സ്വഭാവഗുണങ്ങളുടെ തണലിലാണ് ജീവിക്കുന്നതെങ്കിൽ കുത്തേറ്റ വേദന ഇത്രത്തോളം കഠിനമായി അയാൾക്ക് അനുഭവപ്പെടുമോ? ഇല്ല. തൊടുത്തുവിട്ട നിന്ദ അതിന്റെ ലക്ഷ്യസ്ഥാനത്ത് എത്തുന്നതിനു മുമ്പേ അതു പ്രയോഗിച്ചവന്റെ മേൽ തന്നെ പതിക്കും. ഹൂദി(അ)ന്റെ ക്ഷമ അതാണ് നമ്മെ പഠിപ്പിക്കുന്നത്. ഏകദൈവ വിശ്വാസത്തിലേക്ക് സമൂഹത്തെ ക്ഷണിച്ചപ്പോൾ അവരുടെ മറുപടി അദ്ദേഹം ക്ഷമയോടെ കേട്ടു. (നീ വെറുമൊരു വിഡ്ഢിതന്നെ. നീ കള്ളനാണെന്ന് ഞങ്ങൾ അനുമാനിക്കുന്നു). അദ്ദേഹം പറഞ്ഞു: 'എന്റെ ജനമേ,

**കോപം ഇളകിമറിയുന്നതോടെ മനുഷ്യന് സ്വബോധം ഇല്ലാതാവും. പിന്നീട് കടിഞ്ഞാൺ പിശാചിന്റെ കൈയിലായിരിക്കും. അസ്വാസ്ഥ്യങ്ങൾ ചിന്താമണ്ഡലങ്ങളുടെ താളം തെറ്റിക്കും. ആ സമയത്ത് ഉപദേശങ്ങൾക്കൊന്നും അവൻ ചെവികൊടുക്കില്ല. അവ ദൈവിക വചനങ്ങളോ, പ്രവാചകാധ്യാപനങ്ങളോ ആണെങ്കിൽ പോലും.**

**കോപം മനുഷ്യ മനസ്സിനെ പലതരം ദുർബോധനങ്ങൾ സ്വീകരിക്കാൻ പാകപ്പെടുത്തുന്നു. ആ അവസ്ഥയിൽ മനസ്സിനു എന്ത് കുറ്റങ്ങൾ ചെയ്യുന്നതും എളുപ്പമാകും. സ്വബോധം ലഭിച്ചാൽ ചെയ്തുപോയ കുറ്റങ്ങളിൽ ദുഃഖിക്കുകയും ചെയ്യും. പക്ഷേ, അപ്പോൾ ദുഃഖിച്ചിട്ട് കാര്യമുണ്ടാവില്ല. ഇതാണ് കോപമുണ്ടാകുമ്പോൾ അല്ലാഹുവിൽ ശരണം തേടണമെന്ന് പറഞ്ഞതിലെ രഹസ്യം.**

എന്നിൽ വിഡ്ഢിത്തം ആരോപിക്കരുത്, ഞാൻ ലോകനാഥന്റെ ദൂതനാണ്. നിങ്ങൾക്ക് എന്റെ റബ്ബിന്റെ സന്ദേശങ്ങൾ എത്തിച്ചു തരികയാണ് ഞാൻ. നിങ്ങളുടെ വിശ്വസ്തനായ ഗുണകാംക്ഷിയുമാകുന്നു.' അവിവേകികളുടെ ആക്ഷേപങ്ങളോ ശകാരങ്ങളോ ഹൂദി(അ)ന്റെ ക്ഷമക്ക് ഒരു പോറലുപോലുമേൽപിച്ചില്ല. യഥാർഥത്തിൽ, പുണ്യവും നന്മയും മേളിച്ച ദൈവദൂതനായി തെരഞ്ഞെടുക്കപ്പെട്ട ആ മഹാനും സ്വയം വിഡ്ഢികളായി, ഉപദ്രവമോ ഉപകാരമോ ചെയ്യാത്ത സകലതിനെയും ആരാധിച്ച് നടക്കുന്ന ആ സമൂഹവും തമ്മിൽ എത്രമാത്രം അകലമുണ്ട്!

ഒരിക്കൽ അഹ്നഫുബ്നു ഖൈസ് നടന്നുപോകുമ്പോൾ വഴിമധ്യേ ഒരാൾ അദ്ദേഹത്തെ ചീത്ത പറഞ്ഞ് പിന്നാലെ കൂടി. വീടിനടുത്തെത്തിയപ്പോൾ അഹ്നഫ് ആ മനുഷ്യനോടു പറഞ്ഞു: 'ഹേ, ഇനി വല്ലതും പറയാൻ ബാക്കിയുണ്ടെങ്കിൽ ഇവിടെവെച്ചുതന്നെ പറഞ്ഞു തീർത്തോളൂ. ഈ പ്രദേശത്തെ യുവാക്കൾ ഇതു കേൾക്കാനിടവന്നാൽ താങ്കളെ വെറുതെ വിടുമെന്ന് ഞാൻ കരുതുന്നില്ല.'

ഒരു വിഭാഗം ജൂതന്മാർ യേശുവിനെ ചീത്തവിളിച്ചു. അദ്ദേഹം അവരോട് നല്ലതുമാത്രം പറഞ്ഞു. അപ്പോൾ ആരോ ചോദിച്ചു: 'ജൂതന്മാർ താങ്കളെ ആക്ഷേപിക്കുന്നു. താങ്കളാകട്ടെ അവരോട് നല്ലതുമാത്രം പറയുന്നു?' യേശു പറഞ്ഞു: 'ഓരോരുത്തനും അവനവന്റെ പക്കലുള്ളതിൽനിന്ന് ചെലവഴിച്ച് കൊണ്ടിരിക്കുന്നു.'

അലി(റ) പറഞ്ഞു: 'ആരെങ്കിലും സൗമ്യമായി സംസാരിച്ചാൽ അവന് സ്നേഹം ഉറപ്പാണ്. അവിവേകിയോടുള്ള ക്ഷമ അവനെതിരിൽ ധാരാളം സഹായികളെ ഉണ്ടാക്കിത്തരും.'

ശരീരത്തിൽ വൈദ്യുതി പ്രവഹിക്കുന്നതുപോലെയാണ് മനുഷ്യ മനസ്സിൽ കോപത്തിന്റെ സഞ്ചാരം. അതു വെപ്രാളവും അസ്വസ്ഥതയുമുണ്ടാക്കും.

വീണ്ടും ഡേൽകാർനേഗിനെ ഉദ്ധരിക്കട്ടെ: 'ശത്രുക്കളോട് ക്ഷമിക്കുകയെന്നത് അനുഗ്രഹമാണ്. അതിന്റെ നേട്ടം മറ്റുള്ളവർക്ക് ലഭിക്കുന്നതിന് മുമ്പ് അവനവന് തന്നെ ലഭിക്കും. അതിന്റെ കുളിർമ അവൻ ആസ്വദിക്കും.' അമേരിക്കയിലെ ഒരു പോലീസ് സ്റ്റേഷനിൽനിന്ന് വിതരണം ചെയ്ത ലഘുലേഖയിലെ ഒരു ഖണ്ഡിക അദ്ദേഹം ഉദ്ധരിക്കുന്നുണ്ട്: 'ഒരു വിഭാഗം നിന്നെ നിന്ദിക്കുന്നതായി കണ്ടാൽ മനസ്സിൽനിന്നു അവരെക്കുറിച്ച ഓർമകൾ മായ്ച്ചുകളയുക. അവരോട് പ്രതിക്രിയക്ക് മുതിരരുത്. അവരോട് പ്രതികാരം ചെയ്യണമെന്ന ഉദ്ദേശ്യത്തോടെ നീ രാത്രി കഴിയുകയാണെങ്കിൽ അവർക്കുണ്ടാകുന്നതിനേക്കാൾ ആപത്ത് നിന്റെ മനസ്സിനാണ് ഉണ്ടാവുക!'

പ്രതികാരചിന്ത എങ്ങനെയാണ് സ്വന്തത്തിന് തന്നെ വിനയായി തീരുക? നിങ്ങളുടെ ആരോഗ്യത്തെ അത് അപകടപ്പെടുത്തും. *ലൈഫ്* മാസികയിൽ വന്നിട്ടുണ്ട്: 'രക്തസമ്മർദത്താൽ പ്രയാസപ്പെടുന്നവരെ എളുപ്പത്തിൽ തിരിച്ചറിയാം. അവർ പെട്ടെന്ന് ക്ഷോഭിക്കും, ദേഷ്യപ്പെടും, വൈരമുണ്ടാക്കുന്ന കാര്യങ്ങൾ ചെയ്യും.'

കാർനേഗ് തുടരുന്നു: 'എന്റെ പരിചയത്തിലുള്ള ഒരു സ്ത്രീക്ക് ഹൃദ്രോഗം ബാധിച്ചു. ഡോക്ടർമാർ അവളോട് നിർദേശിച്ചു: എത്രമാത്രം ഞെരുക്കമുണ്ടായാലും കോപിക്കാൻ ഇടവരരുത്. ഹൃദ്രോഗമുള്ളയാൾക്ക് ഒരൊറ്റ പ്രാവശ്യത്തെ കോപം മതിയാവും മരണത്തിനു തന്നെ!

നബി(സ) പറഞ്ഞു: 'ഒരാൾ വിഭവങ്ങൾ നൽകപ്പെട്ടപ്പോൾ നന്ദി കാണിച്ചു, തിരിച്ചടിക്കാൻ കഴിവുള്ളപ്പോൾ മാപ്പ് നൽകി, കോപമുണ്ടായപ്പോൾ ശാന്തനായി, എങ്കിൽ അവന് ചുറ്റും അല്ലാഹുവിന്റെ സംരക്ഷണ വലയമുണ്ട്. തന്റെ കാരുണ്യത്താൽ അല്ലാഹു അവനെ സംരക്ഷിക്കും. തന്റെ ഇഷ്ടക്കാരിൽ അവനെ ഉൾപ്പെടുത്തുകയും ചെയ്യും (അൽഹാകിം).

'ആരെങ്കിലും കോപം അടക്കി നിർത്തിയാൽ അവനിൽനിന്ന് അല്ലാഹു ശിക്ഷയെ തടുക്കും. ആരെങ്കിലും നാവിനെ സൂക്ഷിച്ചാൽ അല്ലാഹു അവന്റെ ന്യൂനതകളെ മറച്ചുപിടിക്കും' (ത്വബ്റാനി)

'അല്ലാഹുവിന്റെ പ്രീതി ആഗ്രഹിച്ച് ഒരാൾ കോപം കടിച്ചിറിക്കുന്നതിനേക്കാൾ അല്ലാഹുവിങ്കൽ പുണ്യകരമായി മറ്റൊന്നില്ല' (ഇബ്നു മാജ).

കോപം ഇളകിമറിയുന്നതോടെ മനുഷ്യന് സ്വബോധം ഇല്ലാതാവും. പിന്നീട് കടിഞ്ഞാൺ പിശാചിന്റെ കൈയിലായിരിക്കും. അസ്വാസ്ഥ്യങ്ങൾ ചിന്താമണ്ഡലങ്ങളുടെ താളം തെറ്റിക്കും. ആ സമയത്ത് ഉപദേശങ്ങൾക്കൊന്നും അവൻ ചെവികൊടുക്കില്ല. അവ ദൈവിക വചനങ്ങളോ, പ്രവാചകാധ്യാപനങ്ങളോ ആണെങ്കിൽ പോലും.

ഒരു ഹദീസിൽ ഇങ്ങനെ കാണാം: 'പ്രവാചകന്റെ സാന്നിധ്യത്തിൽ രണ്ടാളുകൾ കലഹിച്ചു. അവരിലൊരാൾ കോപാകുലനായി. മുഖം ചുവക്കുകയും കണ്ഠനാഡികൾ വീർക്കുകയും ചെയ്തു. പ്രവാചകൻ അയാളെ നോക്കി പറഞ്ഞു: 'എനിക്കൊരു വാക്യമറിയാം. അത് ഉരുവിടുകയാണെങ്കിൽ അയാളിൽനിന്നു കോപം ഇല്ലാതാകും. 'ശപിക്കപ്പെട്ട പിശാചിൽ നിന്നു ഞാൻ അല്ലാഹുവിൽ ശരണം തേടുന്നു' എന്നാണത്. പ്രവാചകനിൽനിന്നു ആ വാക്യം കേട്ടവരിലൊരാൾ അയാളുടെ അടുത്ത് ചെന്നു പറഞ്ഞു: 'അല്ലാഹുവിന്റെ ദൂതൻ ഇപ്പോൾ പറഞ്ഞതെന്താണെന്ന് അറിയുമോ?' അയാൾ: 'ഇല്ല.' ആഗതൻ: 'അവിടുന്ന് പറഞ്ഞിരിക്കുന്നു: എനിക്കൊരു വാക്യമറിയാം. അത് ഉരുവിടുകയാണെങ്കിൽ അയാളിൽനിന്നു കോപം ഇല്ലാതാകും - ശപിക്കപ്പെട്ട പിശാചിൽനിന്നു ഞാൻ അല്ലാഹുവിൽ ശരണം തേടുന്നു' എന്നാണത്. അപ്പോൾ ആ മനുഷ്യൻ ചോദിച്ചു: 'എന്നെ നീ ഭ്രാന്തനായിട്ടാണോ കാണുന്നത്? (മുസ്ലിം).

നോക്കൂ, പ്രവാചകന്റെ നിർദേശം പോലും ഗൗനിക്കാത്തത്ര ദൂരത്ത് കോപം ആ മനുഷ്യനെ കൊണ്ടെത്തിച്ചിരിക്കുന്നു. കോപം മനുഷ്യ മനസ്സിനെ പലതരം ദുർബോധനങ്ങൾ സ്വീകരിക്കാൻ പാകപ്പെടുത്തുന്നു. ആ അവസ്ഥയിൽ മനസ്സിനു എന്ത് കുറ്റങ്ങൾ ചെയ്യുന്നതും എളുപ്പമാകും. സ്വബോധം ലഭിച്ചാൽ ചെയ്തുപോയ കുറ്റങ്ങളിൽ ദുഃഖിക്കുകയും ചെയ്യും. പക്ഷേ, അപ്പോൾ ദുഃഖിച്ചിട്ട് കാര്യമുണ്ടാവില്ല. ഇതാണ് കോപമുണ്ടാകുമ്പോൾ അല്ലാഹുവിൽ ശരണം തേടണമെന്ന് പറഞ്ഞതിലെ രഹസ്യം. ■

**വിവ. അബ്ദുർറഹ്മാൻ തുറക്കൽ**